കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ് - കിഴുവിലം ഗ്രാമപഞ്ചായത്ത് - പട്ടികജാതി വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് ലാപ് ടോപ് നൽകുന്ന പ്രോജക്റ്റ് - വിദൂര വിദ്യാഭ്യാസം മുഖേന സി.എ. കോഴ്സിനു പഠിക്കുന്ന വിദ്യാർത്ഥിയെ ഉൾപ്പെടുത്തുന്നതിന് അനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

തദ്ദേശ സ്വയം ഭരണ (ഡി എ) വകുപ്പ്

സ.ഉ(സാധാ)നം. 615/2018/തസ്വഭവ തിരുവനന്തപുരം, തീയതി, 05.03.2018.

വായന : 1) കിഴുവിലം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 12.01.2018 ലെ എ.എസ്-2534/17 നമ്പർ കത്ത്

2) സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 06.02.2018 ലെ 4.43 നമ്പർ യോഗ തീരുമാനം

## ഉത്തരവ്

തിരുവനന്തപുരം ജില്ലയിലെ കിഴുവിലം ഗ്രാമ പഞ്ചായത്തിൽ 2017-18 സാമ്പത്തികവർഷം പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് നൽകൽ എന്ന പദ്ധതിയിലുൾപ്പെടുത്തി 30 വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് നൽകുന്നതിന് പ്രോജക്റ്റിൽ തുക വകയിരുത്തിയെന്നും ആയതിൽ വിദൂര വിദ്യാഭ്യാസം മുഖേന ബിരുദത്തിനും അതിനുമുകളിലും പഠിക്കുന്നവരെ കൂടി ഉൾപ്പെടുത്തണമെന്നും വായന (1) പ്രകാരം കിഴുവിലം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അഭ്യർത്ഥിക്കുകയുണ്ടായി.

2) ഇക്കാര്യം സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി പരിശോധിച്ചു. കമ്മിറ്റിയുടെ വായന (2) ലെ തീരുമാന പ്രകാരം കിഴുവിലം ഗ്രാമ പഞ്ചായത്തിലെ വിദൂര വിദ്യാഭ്യാസം മുഖേന സി.എ. കോഴ്സിനു പഠിക്കുന്ന വിദ്യാർത്ഥിക്ക് മാത്രം ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചാർട്ടേഡ് അക്കൗണ്ടന്റിന്റെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ലാപ് ടോപ്പ് നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

എൻ. വിശ്രുതൻ ആചാരി

ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
പ്രസിഡന്റ്, കിഴുവിലം ഗ്രാമ പഞ്ചായത്ത്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
ചെയർമാൻ, സംസ്ഥാന റിസോഴ്സ് ഗ്രൂപ്പ് ,തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം,തിരുവനന്തപുരം.
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ